"ഭരണഭാഷ മാതൃഭാഷ"

## തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം
## (ഹാജർ:ജെറോമിക് ജോർജ്ജ് ഐ.എ.എസ്)

കെ 3/316176/2021 തീയതി : 12.08.2022

==========================================================

വിഷയം:പൊന്നംവില - തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ശ്രീ ചട്ടമ്പി സ്വാമി സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ പ്രത്യാഘാത പഠനം- വിദഗ്ധ സമിതി ശുപാർശകൾ അംഗീകരിച്ചുകൊണ്ട് 2013 ലെ RFCTLARR ആക്ടിലെ വകുപ്പ് 8(2) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി സമുചിത സർക്കാർ ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന :1. 29.06.2016-ലെ ജി.ഒ(പി)376/2016/ആർഡി നമ്പർ സർക്കാർ ഉത്തരവ്.

2. വിദഗ്ധ സമിതിയുടെ 06 .06 .2022 ലെ റിപ്പോർട്ട്.

3. റവന്യൂ(ബി) വകുപ്പിന്റെ 03/07/22 ലെ ജി.ഒ(ആർ.റ്റി) നം.2930/2022/ആർ.ഡി നം ഉത്തരവ്.

4 .സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ഡയറക്ടറുടെ 25/07/2022 ലെ പി4/5879/20/സാം.വ.നം.കത്ത്.

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ശ്രീ ചട്ടമ്പി സ്വാമി സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നംവില നടപടികളുടെ ഭാഗമായി 9.58 ആർ ഭൂമിഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ഡയറക്ടർ അർത്ഥന സമർപ്പിച്ചിരുന്നു. തുടർന്ന് സാമൂഹിക ആഘാത പഠനം നടത്തുന്നതിന് ജില്ലാതല എസ്.ഐ.എ ഏജൻസിയായ സെന്റർ ഫോർ മാനേജ് മെന്റ് ഡവലപ്പ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. SIA യൂണിറ്റ് സമർപ്പിച്ച The Right to Fair Compensation and Transparency in Land Acquisiton, Rehabilitation and Resettlement Act, 2013 അധ്യായം 2 എ പ്രകാരമുള്ള സാമൂഹിക ആഘാതപഠന റിപ്പോർട്ട് ടി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 200 ആർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർ ആയി ജില്ലാകളക്ടറെ സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക ആഘാത റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ ശ്രീ.ചട്ടമ്പി സ്വാമികളുടെ സ്മാരകമായി നിലവിലുള്ള അദ്ദേഹത്തിന്റെ മാതൃകുടുംബവും അനുബന്ധഭാഗങ്ങളും ഏറ്റെടുത്ത് സംരക്ഷിക്കുക എന്ന പൊതുലക്ഷ്യത്തിനു വേണ്ടിയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളതെന്നും ആയതിനാൽ വിജ്ഞാപന പ്രകാരമുള്ള 9.58 ആർ ഭൂമി ഏറ്റെടുക്കാവുന്നതാണെന്നും കൂടാതെ ടി പദ്ധതിയുടെ ഫലവത്തായ പൂർത്തീകരണത്തിന് ആവശ്യമായിട്ടുള്ളതും വസ്തു ഉടമയ്ക്ക് ഉപയോഗയോഗ്യമല്ലാത്തതുമായ ബാക്കിയുള്ള 4.04

ആർ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും സൂചന (2) റിപ്പോർട്ടിൽ വിദഗ്ധ സമിതി ശിപാർശ ചെയ്തിരുന്നു.

തുടർന്ന് സൂചന (3) പ്രകാരം നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നം.4ൽ സർവ്വേ നമ്പർ 288/1-2 ൽ ഉൾപ്പെട്ട 13.62 ആർ ഭൂമിയും ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സൂചന (4) പ്രകാരം 13.62 ആർ ഭൂമിയും ഏറ്റെടുക്കുന്നതിനായി അർത്ഥനയും അലൈൻമെന്റ് സ്കെച്ചും അർത്ഥനാധികാരിയായ സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളിലും നവോത്ഥാന നായകരിലും പ്രഥമ- സ്ഥാനീയരിൽ ഉൾപ്പെടുന്ന ശ്രീ ചട്ടമ്പി സ്വാമികളുടെ സ്മാരകമായി നിലവിലുള്ള അദ്ദേഹത്തിന്റെ മാതൃകുടുംബവും അനുബന്ധ ഭാഗങ്ങളും ഏറ്റെടുത്ത് സംരക്ഷിക്കുക എന്ന പൊതുലക്ഷ്യത്തിന് വേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും മറ്റ് ബദൽ മാർഗ്ഗങ്ങൾ പരാമർശിക്കുന്നതിൽ പ്രസക്തിയില്ലാത്ത സാഹചര്യത്തിലും സൂചന (4) അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 13.62 ആർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് വകുപ്പ് 8(2) പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്-പുതുക്കിയ അർത്ഥന പകർപ്പ്
   അയയ്ക്കുന്നു(ആമുഖ കത്ത് സഹിതം).
2. ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തിരുവനന്തപുരം
   (നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി
   സ്വീകരിക്കേണ്ടതാണ്.)
4. എൻ.ഐ.സി.ഓഫീസർക്ക് – സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി
   (ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്)

   *Engish – Land Acquisition- Construction of Chattambi Swami Smarakam -RFCTLARR Act-Section 8(2)- Appropriate Government Order.

   *മലയാളം-പൊന്നുംവില- ചട്ടമ്പി സ്വാമി സ്മാരക നിർമ്മാണം -ഭൂമി ഏറ്റെടുക്കൽ- 2013 ലെ RFCTLARR ആക്ട് വകുപ്പ് 8(2) പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ്
5. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)